40

# "ദൈവം ചെയ്തതെല്ലാം"

# (14:19- 28)

ഞാൻ കുടുംബത്തോടൊപ്പം ആസ്ത്രേലിയായിൽ മിഷണറിമാരായി പ്രവർത്തിച്ചപ്പോൾ ഞങ്ങളെ വ്യക്തിപരമായി സഹായിച്ചതു ഒരു ഇടവകയും; മറ്റു ഇടവകകൾ പലതും ഞങ്ങളുടെ യാത്രക്കും, പ്രവർത്തന ച്ചെലവുകൾക്കും, കെട്ടിടനിർമ്മാണത്തിനും മറ്റുമായി സഹായിച്ചിട്ടുണ്ട്. അതുകൊണ്ട് ഞങ്ങൾ അമേരിക്കയിൽ പോയാൽ അധികസമയവും ഈ ഇടവകകളിൽ പോയി പ്രവർത്തനങ്ങളെക്കുറിച്ച് അവരോടെല്ലാം വിവരിക്കുന്നതിനായിരിക്കും ഉപയോഗിക്കുന്നത്. ഈ വിവരണങ്ങളിൽ, എനിക്കിഷ്ടമുള്ള രണ്ടു വേദഭാഗങ്ങളും ഉൾപ്പെടുത്തിയിരിക്കും. ഒന്ന് ഫിലിപ്പിയർ 1:3–5: "ഞാൻ നിങ്ങൾക്കു എല്ലാവർക്കും വേണ്ടി കഴിക്കുന്ന സകല പ്രാർത്ഥനയിലും എപ്പോഴും സന്തോഷത്തോടെ പ്രാർത്ഥിച്ചും നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവർ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികെക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു. ഒന്നാം നാൾ മുതൽ ഇതുവരെയും സുവിശേഷഘോഷണത്തിൽ നിങ്ങൾക്കുള്ള കൂട്ടായ്മ[1] ഞാൻ നിങ്ങളെ ഓർക്കുമ്പോഴൊക്കെയും എന്റെ ദൈവത്തിനു സ്തോത്രം ചെയ്യുന്നു" പൗലൊസിനു സുവിശേഷവേലക്കു തുടർച്ചയായി സാമ്പത്തിക സഹായം എത്തിച്ചു കൊടുത്ത സഭയായിരുന്നു ഫിലിപ്പിയയിലേത് (ഫിലിപ്പിയർ 4:15, 16). ഞങ്ങൾ ഒരു മിച്ചു ആത്മാക്കളെ ക്രിസ്തുവിലേക്കു നേടുവാൻ ശ്രമിക്കുമ്പോൾ ഞങ്ങളെ സഹായിച്ചിരുന്നവർ യഥാർത്ഥത്തിൽ ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു എന്ന് ഊന്നിപ്പറഞ്ഞിട്ടുണ്ട്.[2]

ഞാൻ ഈ വിവരണത്തിൽ ഉപയോഗിച്ചതും എനിക്കിഷ്ടപ്പെട്ടതുമായ മറ്റൊരു വേദഭാഗം ഈ പാഠത്തിന്റെ അവസാന ഭാഗത്തു കാണാം. "ബർന്നബാസും പൗലൊസും തങ്ങളുടെ ആദ്യപ്രവർത്തന വിവരം നല്കുമ്പോൾ," അവർ എന്തു ചെയ്തു എന്നല്ല പറഞ്ഞത്, മറിച്ച്, "ദൈവം തങ്ങളോടു കൂടെ ഇരുന്നു ചെയ്തതൊക്കെയും അവർ അറിയിച്ചു ..." (പ്രവൃത്തികൾ 14:27; എംഫസിസ് മൈൻ).[3] പൗലൊസിന്റെ ആദ്യമിഷണറി യാത്രയിൽ സംഭവിച്ചതെല്ലാം സുഖകരമായിരുന്നില്ല; എന്നാൽ മിഷ

ണറിമാർ തിരിഞ്ഞു നോക്കിയപ്പോൾ, സംഭവിച്ചതെല്ലാം ദൈവത്തിന്റെ കരുണാധിക്യ പ്രകാരമുള്ള കരങ്ങൾ ഉണ്ടായിരുന്നതായി അവർ കണ്ടു (1 കൊരിന്ത്യർ 3:9). അങ്ങനെ ആണെങ്കിലും, സിഡ്നിയിൽ കൈവരിച്ച നേട്ടത്തിനെല്ലാം ക്രെഡിറ്റ് *ദൈവത്തി*നാണ് നൽകിയത്. "ദൈവം തങ്ങളോടു കൂടെ ഇരുന്നു ചെയ്തതെല്ലാം" എന്ന പദ പ്രയോഗം പൗലൊസിന്റെ ഒന്നാമത്തെ യാത്ര മുഴുവനും പ്രകടമാക്കുന്നു, എന്നാൽ ഈ മിഷണറിമാരുടെ ജീവിതത്തിൽ ദൈവം പ്രവർത്തിച്ചതു അറിയുവാൻ യാത്രയുടെ അവസാനഭാഗം നോക്കിയാൽ മാത്രം മതി.

### ദൈവം അവർക്കു സമാധാനത്തിൽ പരിവർത്തകരെ നല്കി (14:20, 21)

നമ്മുടെ കഴിഞ്ഞ പാഠം അവസാനിപ്പിക്കുന്നതിനു മുൻപു, പൗലൊസിനെ കല്ലെറിഞ്ഞു മരിച്ചു എന്നു കണ്ട് വിട്ടിട്ടു പോയതായി നാം കണ്ടു. 14:20–ൽ നാം വായിക്കുന്നത്, "എന്നാൽ ശിഷ്യന്മാർ അവനു ചുറ്റിനില്ക്കയിൽ, അവൻ എഴുന്നേറ്റു പട്ടണത്തിൽ ചെന്നു. പിറ്റെന്നാൾ ബർന്നബാസിനോടു കൂടെ ദർബ്ബെക്കു പോയി." ലുസ്ത്രയുടെ തെക്കു കിഴക്കായി ഏതാണ്ട് അറുപത് മൈലകലെയാണ് ദർബ്ബെ. 21–ാം വാക്യത്തിൽ "അവർ ആ പട്ടണത്തിൽ സുവിശേഷം പ്രസംഗിച്ചു എന്നു പറയുന്നു." ചുറ്റുമുള്ള ദേശത്തും അവർ സുവിശേഷം അറിയിച്ചിരുന്നു (വാക്യം 6). ചില കാരണത്താൽ, അന്ത്യോക്ക്യയിൽ നിന്നും ഇക്കോന്യയിൽ നിന്നും വന്ന യെഹൂദന്മാർ ദെർബ്ബയിൽ പൗലൊസിനെയും ബർന്നബാസിനെയും അനുഗമിച്ചില്ല.[4] അതുകൊണ്ടു, അവർക്ക് അവിടെ കുഴപ്പം കൂടാതെ പ്രവർത്തിപ്പാൻ കഴിഞ്ഞു.[5] അവരുടെ പരിശ്രമങ്ങളെ ദൈവം അനുഗ്രഹിച്ചു, അതിനാൽ അവിടെ അവർക്കു നല്ല കൊയ്ത്തു ലഭിച്ചു. ദെർബ്ബയിലെ "പല ശിഷ്യന്മാരെ" കുറിച്ച് നമുക്ക് അധികമൊന്നും അറിയുകയില്ല (വാക്യം 21). പേരെടുത്തു രേഖപ്പെടുത്തിയിരിക്കുന്നതു "ദെർബ്ബക്കാരനായ ഗായൊസിനെ" മാത്രമാണ് (20:4). എങ്ങനെയായാലും, അന്ത്യോക്ക്യയിലെയും, ഇക്കോന്യയിലെയും, ലുസ്ത്രയിലെയും സംഘർഷാവസ്ഥക്കുശേഷം, സമാധാനത്തിൽ സുവിശേഷം പ്രസംഗിക്കുന്നതു എത്ര സുഖമാണ്!

### ദൈവം അവർക്കു മടങ്ങുവാൻ ധൈര്യം നല്കി (14:21)

ഗലാത്യയുടെ ഏറ്റവും കിഴക്കെ അറ്റത്തു സ്ഥിതി ചെയ്തിരുന്ന ഭാഗമായിരുന്നു ദെർബ്ബെ. ദെർബ്ബെയിലായിരുന്നപ്പോൾ, പൗലൊസും ബർന്നബാസും കിലിക്യ ഗോപുരത്തിൽ നിന്നും വളരെ ദൂരെയല്ലായിരുന്നു. അതിൽ കൂടെ കടന്നാണ് പ്രസിദ്ധമായ താവുറസ് പർവ്വതനിരകൾ വഴി കിലിക്യാ താഴ്‌വര വഴി പൗലൊസിന്റെ ജന്മദേശമായ തർസൊസിലേക്കും പോകാം. ആദ്യത്തെ അവരുടെ യാത്രയുടെ ഏറ്റവും അറ്റത്തായിരുന്നു ദർബ്ബെ എന്നതുകൊണ്ട്, അവരുടെ അവിടത്തെ വേല പൂർത്തിയാക്കിയശേഷം, അവർ കിഴക്കോട്ട് കടന്നു സുറിയയിലെ അന്ത്യോക്ക്യയിലേക്കു പോകുക സ്വാഭാവികമാണെന്നു തോന്നുന്നു. പക

രം, "അവർ അവിടെ [ദെർബ്ബെ] സുവിശേഷം പ്രസംഗിച്ച ശേഷം പല രേയും ശിഷ്യരാക്കി, അവർ ലുസ്ത്ര, ഇക്കോന്യാ അന്ത്യോക്യ എന്നി വിടങ്ങളിലേക്കു മടങ്ങി" (വാക്യം 21).[6] ലുസ്ത്ര? ഇക്കോന്യ? അന്ത്യോക്ക്യ? പൗലൊസ് ലുസ്ത്രയിൽ കല്ലെറിയപ്പെട്ടു. ഇക്കോന്യയിൽ വെച്ച് കല്ലേറിൽ നിന്നു പൗലൊസും ബർന്നബാസും കഷ്ടിച്ചു രക്ഷപ്പെട്ടു. അന്ത്യോക്ക്യയിൽ നിന്നു അവർ ഓടി രക്ഷപ്പെട്ടതാണ്! എങ്ങനെയായാലും, നാം കാണുമ്പോലെ അവർ മടങ്ങിപ്പോകുവാൻ ശക്തമായ കാരണമുണ്ട് – അവർ അവമാനിക്കപ്പെട്ട പട്ടണങ്ങളിലേക്കു മടങ്ങിപ്പോകുവാൻ ദൈവം അവർ ക്കു ധൈര്യം നല്കി!

## ശിഷ്യന്മാർക്കു വേണ്ടി ദൈവം മനസ്സലിവു കൊടുത്തു (14:21, 22)

എന്തിനുവേണ്ടിയാണ് പൗലൊസും ബർന്നബാസും ലുസ്ത്ര, ഇക്കോന്യ, അന്ത്യോക്ക്യ എന്നിവിടങ്ങളിലേക്കു മടങ്ങിപ്പോയത്? യേശു മഹത്തായ ആജ്ഞ നല്കുമ്പോൾ, അവൻ പറഞ്ഞു, "ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ;[7] ..." (മത്തായി 28:19, 20). മൂലഗ്രന്ഥത്തിൽ ഈ വാക്യത്തിൽ ഒരു ക്രിയയേ ഉള്ളൂ, "ശിഷ്യരാക്കിക്കൊൾവിൻ" എന്നാണ്. പിന്നെ മൂന്നു ക്രിയാബന്ധങ്ങളും ഉണ്ട്.[8] *എങ്ങനെയാണ്* "ശിഷ്യന്മാരാക്കുന്നതെന്ന്" അവ പറയുന്നു, "പോകുകയും" (തർജ്ജിമ ചെയ്തിരിക്കുന്നതു "പോകുക" എന്ന് NASB യിൽ),[9] "സ്നാനം കഴിപ്പിച്ചും" "ഉപദേശിച്ചും" പൗലൊസും ബർന്നബാസും സുവിശേഷവുമായി "പോയി" അവർ അനേകരെ ക്രിസ്തുവിനോടു ചേരുവാൻ "സ്നാനം കഴിപ്പിച്ചു," പക്ഷെ അവരുടെ ജോലി അവിടെ അവസാനിച്ചില്ല. അവർ വീണ്ടും അവിടെ മടങ്ങി പോകേണ്ടതുണ്ടായിരുന്നു (അപകട സമയത്തു പോലും) പുതിയ ക്രിസ്ത്യാനികളെ ക്രിസ്തു കല്പിച്ചതു ഒക്കെയും "പ്രമാണിപ്പാൻ തക്കവണ്ണം" ഉപദേശിപ്പാൻ.

എങ്ങനെ ക്രിസ്ത്യാനികളായി തീരണം എന്നു പഠിപ്പിക്കുന്നതു പോലെ പ്രാധാന്യമുള്ളതാണ് അവരെ പക്വതയിലെത്താൻ സഹായിക്കുക എന്നത് മിഷണറിമാർ മനസിലാക്കണം. വാസ്തവത്തിൽ, നാം*മെല്ലാം* ഈ പാഠങ്ങൾ പഠിക്കണം. നാം പുതിയ ക്രിസ്ത്യാനികളെ പക്വതയിലെത്താൻ ഒരുക്കുന്നതു വരെ നാം നഷ്ടപ്പെട്ടവരോടു സുവിശേഷം പറയാൻ തയ്യാറായിട്ടില്ല എന്നു മഹത്തായ ആജ്ഞ പ്രഖ്യാപിക്കുന്നു.

പൗലൊസും ബർന്നബാസും ലുസ്ത്രയിലേക്കും, ഇക്കോന്യയിലേക്കും[10] മടങ്ങിച്ചെന്നു[11] "ശിഷ്യന്മാരുടെ മനസ്സ് ഉറപ്പിച്ചു പോന്നു" (വാക്യങ്ങൾ 21, 22). ആദ്യം "അവർ വിശ്വാസത്തിൽ നിലനില്ക്കേണ്ടതിന്നു അവരെ പ്രബോധിപ്പിച്ചു" (വാക്യം 22). ഇവിടെ പറയുന്ന "വിശ്വാസത്തിൽ" യേശു പഠിപ്പിച്ചതെല്ലാം[12] ഉൾപ്പെടുന്നു. കർത്താവിലും അവന്റെ ഉപദേശത്തിലും വിശ്വസ്തത നിലനിർത്തേണ്ട ആവശ്യം അവർ[13] ക്രിസ്തുവിൽ ശിശുക്കളായവരെ ഉണർത്തിച്ചു. അവർ അങ്ങനെ

ചെയ്തതു കൊണ്ട് അവർ നേരിട്ട വെല്ലുവിളിയെ അവർ ആത്മാർത്ഥമായി നേരിട്ടു. പ്രശ്നരഹിതമാണ് ക്രിസ്തീയ ജീവിതമെന്ന് അവർ കരുതിയില്ല. മറിച്ച്, അവർ പറഞ്ഞു, “അനേക കഷ്ടങ്ങളിലൂടെ നാം ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു” (വാക്യം 22). “അനേക കഷ്ടങ്ങളിൽ കൂടി” എന്ന് പൗലൊസും ബർന്നബാസും പറഞ്ഞതുകേട്ടവർക്കു മനസിലാകുവാൻ പ്രയാസം നേരിട്ടില്ല. ആ രണ്ടു പുരുഷന്മാരും അനുഭവിച്ച അവമാനം അവർ കണ്ടതാണ്. ചിലർ പറഞ്ഞു, “യേശു വന്നതു ജീവിതം എളുപ്പമാക്കുവാനല്ല, മറിച്ചു മനുഷ്യരെ മഹാന്മാരാക്കുവാനാണ്.” കഷ്ടങ്ങൾ, ദൈവസഹായത്താൽ നേരിട്ടാൽ, നാം ശക്തരാകും (റോമർ 5:3, 4; യാക്കൊബ് 1:2–4). “ദൈവരാജ്യം” എന്ന പ്രയോഗം, എങ്ങനെയായാലും, ആ പുതിയ ക്രിസ്ത്യാനികൾക്കു വ്യക്തമായി. ക്രൂശ് വഹിച്ചു കഴിഞ്ഞാൽ, കിരീടം ധരിക്കാം. സ്വർഗ്ഗമെന്ന പ്രത്യാശക്കു[14] ഏതു യാഗവും വിലയുള്ളതാണ്!

## ദൈവം അവർക്കു അദ്ധ്യക്ഷന്മാരോടുകൂടെ ഇടവകകളും നല്കി (14:23)

സഹോദരന്മാരെ ഭാവിയിലേക്കു ഒരുക്കുവാൻ പൗലൊസും ബർന്നബാസും ചെയ്ത ഏറ്റവും സുപ്രധാന മാർഗ്ഗം അവർക്കു ആത്മിയ അദ്ധ്യക്ഷന്മാർ വിട്ടുകൊടുത്തു എന്നതാണ്. 23-ാം വാക്യത്തിൽ നാം വായിക്കുന്നു, “അവർ സഭ തോറും അവർക്കു മൂപ്പന്മാരെ നിയമിക്കയും ഉപവസിച്ചും പ്രാർത്ഥിച്ചും കൊണ്ട് തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേല്പിക്കയും ചെയ്തു.” ഈ വാക്യത്തിൽ പ്രാധാന്യമായവ നിറഞ്ഞിരിക്കുന്നു:

(1) ഇതാദ്യമായാണ് പൗലൊസും ബർന്നബാസും സഭ[15] ആരംഭിച്ചതായി നമ്മോടു പറയുന്നത്. അവർ ഒരു പട്ടണം വിട്ടുപോകുമ്പോൾ, ശിഷ്യന്മാർ ചിതറി അടുക്കും ചിട്ടയുമില്ലാതെ ജീവിക്കേണ്ടതിനു വിട്ടില്ല; മറിച്ച്, അവർ ഇടവക എങ്ങനെ കൂട്ടായ്മ നിലനിർത്തി ആരാധിക്കണമെന്ന്[16] സ്ഥാപിച്ച സഭകളുമായി അവിഭാജ്യ ബന്ധമാണ് മിഷണറിമാർക്കുണ്ടായിരുന്നത്. ഓരോ ക്രിസ്ത്യാനിയും പ്രാദേശിക സഭയുടെ ഭാഗമാണ്[17] എന്നതു ദൈവേഷ്ടമാണ്.

(2) മൂപ്പന്മാരെ നിയമിക്കാതെ തന്നെ ഗലാത്യയിലെ ഇടവകകൾ കുറെക്കാലം കഴിഞ്ഞു. മൂപ്പന്മാരില്ലാതെ വചനാനുസരണം ഒരു ഇടവകക്കു കഴിയാം.[18]

(3) എങ്ങനെയായാലും, ഈ ഇടവകകൾ മൂപ്പന്മാരെ കൂടാതെ വളരെക്കാലം പോയില്ല. ആത്മിയ നായകന്മാരില്ലാതെ എന്നേക്കും ഒരു ഇടവക കഴിയുവാനല്ല ദൈവം ആഗ്രഹിക്കുന്നത്. പിന്നീട് പൗലൊസ് തീത്തോസിനെ ക്രേത്തയിൽ വിട്ടേച്ചു പോന്നു. “കാര്യങ്ങൾ ക്രമപ്പെടുത്താൻ,” അവരിൽ (കുറവുള്ളതു പരിഹരിക്കുവാൻ). അതുപോലെ പട്ടണംതോറും മൂപ്പന്മാരെ നിയമിക്കുവാനും (തീത്തൊസ് 1:5). നേതൃത്വത്തെ[19] വളർത്തിയെടുക്കുക എന്നതാണ് മിഷണറിമാരുടെ വെല്ലുവിളിയിൽ ഒന്ന്. യോഗ്യതകളുള്ള അദ്ധ്യക്ഷന്മാർ എല്ലാ ഇടവകയിലും ഉണ്ടാകണമെന്ന് ദൈവം ആഗ്രഹിക്കാൻ കാരണം എന്താണ്?

ആദ്യം, എന്തുചെയ്യേണം എന്നതിനു, ഈ പ്രത്യേക വ്യക്തികൾ ഉത്തര
വാദികളാണ്. രണ്ടാമത്, കണക്കു കൊടുക്കേണ്ട ഒരു പുരോഗമന
തോന്നൽ. അംഗങ്ങൾ അദ്ധ്യക്ഷന്മാർക്കും, അദ്ധ്യക്ഷന്മാർ ദൈവത്തിനും
കണക്കു കൊടുക്കണം (എബ്രായർ 13:17).

(4) പൗലൊസ് നിയമിച്ച നായകന്മാരെ "മൂപ്പന്മാർ" എന്നു വിളിച്ചിരു
ന്നു. "മൂപ്പന്മാരെ" സഭയിൽ നാം ആദ്യമായി വായിക്കുന്നത് പ്രവൃത്തി
കൾ 11:30 ലാണ്.[20] "മൂപ്പൻ" എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത്
*പ്രെസ്ബിറ്റർ* എന്ന ഗ്രീക്ക്വാക്കിൽ നിന്നാണ്, അർത്ഥം "പ്രായമുള്ള
ഒരാൾ" എന്നാണ്. പൊതുവായ അർത്ഥത്തിൽ പ്രായമുള്ള ആരെയും
അങ്ങനെ വിളിക്കാം (തീത്തൊസ് 2:2, 3[21]). പ്രത്യേക അർത്ഥത്തിൽ ഉപ
യോഗിക്കുമ്പോൾ, സഭയിൽ പ്രത്യേകമായ സ്ഥാനം സൂചിപ്പിക്കുന്നതാണ്
നാം പ്രവൃത്തികൾ 20:28 പഠിക്കുമ്പോൾ, മൂപ്പന്മാരെ (മുൻപും ഇപ്പോ
ഴും) "ബിഷപ്പുമാർ" എന്നും "പാസ്റ്റേഴ്സ്" എന്നു വിളിച്ചിരുന്നു.[22]

(5) ഓരോ ഇടവകയിലും *ഒന്നിലധികം* മൂപ്പന്മാർ ഉണ്ടായിരുന്ന
തായാണ് 23–ാം വാക്യം സൂചന നല്കുന്നത്.[23] നിങ്ങൾ പുതിയ നിയമം
മുഴുവൻ വായിച്ചാൽ, നിങ്ങൾ ഒരിക്കലും ഒരു ഇടവകയിൽ ഒരു മൂപ്പൻ
എന്നു കാണുകയില്ല (അല്ലെങ്കിൽ ഒരു ബിഷപ്പ്, ഒരു പാസ്റ്റർ എന്നോ).[24]
ഈ. എച്ച്. ട്രെൻചാർഡ് എഴുതി, "അപ്പൊസ്തലിക കാലഘട്ടത്തിൽ
പരക്കെ അംഗീകരിക്കപ്പെട്ടതാണ്, മൂപ്പൻ = അദ്ധ്യക്ഷൻ (മേയ്ക്കുന്ന
വൻ) = ഇടയൻ, അതു ഓരോ പ്രാദേശിക സഭയിലും ഒന്നിലധികം പേരും
ആണ് ഉണ്ടായിരുന്നത്, അങ്ങനെ ഒരു പ്രെസ് ബിറ്ററി [അതായതു,
എൽഡർഷിപ്പ്]."[25]

(6) ഗലാത്യയിലെ ഇടവകകൾ മൂപ്പന്മാരായിത്തീരുവാൻ യോഗ്യത
യുള്ളവരായി എന്നേക്കും ആയി നിയമിക്കുകയായിരുന്നില്ല. 1 തിമൊ
ഥെയൊസ് 3:1–7 ഉം തിത്തൊസ് 1:5–9 ഉം വാക്യങ്ങളിൽ പറഞ്ഞിട്ടുള്ള
യോഗ്യതകളിൽ നിന്നു അതിർ കടന്നു പോകുക എളുപ്പമാണ്. അതു
കൊണ്ട് മൂപ്പന്മാരായിരിക്കുവാൻ അമാനുഷികൾ വേണം എന്നേക്കും
മൂപ്പന്മാരാകുവാൻ. ചിലപ്പോൾ വർഷങ്ങൾ വേണ്ടി വന്നേക്കാം യോഗ്യ
തകളുള്ള മൂപ്പന്മാരെ നിയമിക്കുവാൻ. പ്രവൃത്തികൾ 14–ൽ മൂപ്പന്മാരായി
നിയമിക്കപ്പെട്ടവർ ക്രിസ്ത്യാനികളായിട്ട് മാസങ്ങളേ ആയിട്ടുള്ളു
(പൗലൊസ് തന്നെ തിമൊഥെയൊസിനും തിത്തൊസിനും നല്കിയ
യോഗ്യതകളെ കണക്കാക്കാതെയിരുന്നില്ല).

തന്റെ തന്നെ മൂപ്പന്മാരുടെ യോഗ്യതകളിൽ ഒന്നായ പുതിയ ശിഷ്യൻ
അരുത് എന്നതു ലംഘിക്കാതെ എങ്ങനെ പൗലൊസിനു ഗലാ ത്യയിൽ
മൂപ്പന്മാരെ നിയമിക്കുവാൻ കഴിഞ്ഞു (1 തിമൊഥെയൊസ് 3:6)? നമുക്ക്
വിദ്യാഭ്യാസമുള്ള ഊഹങ്ങൾ നടത്തുവാനേ കഴിയു: ഒരുപക്ഷെ പരി
വർത്തനം ചെയ്യപ്പെട്ട യെഹൂദന്മാരിൽ ചിലർ ദൈവവുമായി പക്വതയുള്ള
ബന്ധത്തിൽ തന്നെ ഇരുന്നവരും അന്ന് നിലവിലിരുന്ന പഴയനിയമ പരി
ജ്ഞാനം ഉള്ളവരും ആയിരുന്നേക്കാം. വീണ്ടും, പൗലൊസ് ഒരുപക്ഷെ
ഇവരിൽ കൈവച്ച് (2 തിമൊഥെയൊസ് 1:6), അത്ഭുത ജ്ഞാനം (പുതി
യനിയമജ്ഞാനം) കൊടുത്തിരുന്നവരും നായകന്മാരാകാൻ വരം ലഭി
ച്ചവരും ആയിരുന്നേക്കാം (റോമർ 12:6, 8). കൂടാതെ, പൗലൊസും ബർന്ന

ബാസും മറ്റുള്ളവരെ അവരുടെ താലന്തുകൾ പ്രബോധിപ്പിക്കുവാൻ താല്പര്യപ്പെട്ടു (2 തിമൊഥെയൊസ് 2:2), അങ്ങനെ അവരിൽ വാഗ്ദാനമുള്ള ചിലരെ തിരഞ്ഞെടുത്ത് അവർക്ക് പ്രത്യേക നിർദേശങ്ങൾ ആ പ്രദേശത്തു പ്രവർത്തിക്കാൻ നല്കുകയും ചെയ്തിരിക്കാം.[26]

അതെങ്ങനെ സാദ്ധ്യമായി എന്നതിനെക്കുറിച്ചു നാം ഊഹിച്ചശേഷം, വാസ്തവം അപ്പോഴും ചുരുങ്ങിയ സമയത്തിനുള്ളിൽ ഗലാത്യയിലെ സഭകളിൽ മൂപ്പന്മാരെ നിയമിച്ചു. ഇതു ചിലർ വിചാരിക്കുന്നതിനേക്കാൾ കുറഞ്ഞ സമയമാകാം എടുത്തത്.[27] ഒരുപക്ഷെ ഒരാൾ പറഞ്ഞതു ശരിയായിരിക്കാം. "ഗലാത്യയിലുണ്ടായിരുന്ന മൂപ്പന്മാർക്ക് യെരുശലേമിലെ മൂപ്പന്മാർക്കുണ്ടായിരുന്ന യോഗ്യതയായിരുന്നില്ല ഉണ്ടായിരുന്നത്; അവർ യോഗ്യത നേടിയതു ഗലാത്യ സഭകളിൽ ശുശ്രൂഷ ചെയ്യുന്നതിനാണ്."[28] 1 തിമൊഥെയൊസ് 3 ലും തിത്തൊസ് 1 ലും ഉള്ള യോഗ്യതകളിൽ ചിലത് പൂർണ്ണവും[29] പക്ഷെ ഭൂരിഭാഗവും അനുബന്ധമായിരുന്നു.[30] "മൂപ്പന്മാർ വേണ്ടേ" എന്ന ഉദ്ദേശത്തോടെ നാം മൂപ്പന്മാരെ നിയമിക്കാവുന്നതല്ല," യോഗ്യതയുള്ളവർ ആരും ഉണ്ടാകാത്ത വിധത്തിൽ നാം കർശനം എടുക്കാവുന്നതുമല്ല. യുക്തമായ ഒരു കാലയളവിനുള്ളിൽ അദ്ധ്യക്ഷന്മാരെ നിയമിക്കുവാൻ അവരെ വളർത്തിയെടുക്കണം.

(7) പുരുഷന്മാർക്കു മൂപ്പന്മാരാകുവാനുള്ള യോഗ്യതകൾ ഉണ്ടാകുമ്പോൾ, അവരെ തെരഞ്ഞെടുത്ത് ക്രമമായി സ്ഥാനത്തു[31] നിയമിക്കണം. അതു 23-ാം വാക്യത്തിൽ നിന്നു വ്യക്തമാണ്; എന്നാൽ കൃത്യമായും എല്ലാം *എങ്ങനെ* നടന്നു, എന്നു നമുക്ക് അറിഞ്ഞുകൂടാ. 6-ാം അദ്ധ്യായത്തിൽ മേശയിൽ ശുശ്രൂഷ നടത്തുവാൻ പുരുഷന്മാരെ തെരഞ്ഞെടുത്തപ്പോൾ അപ്പൊസ്തലന്മാർ ഇടവകക്കു യോഗ്യതകൾ നല്കി, പിന്നെ തെരഞ്ഞെടുപ്പ് അവർ നടത്തണമായിരുന്നു (6:3). അവർ യോഗ്യതയുള്ളവരെ തിരഞ്ഞെടുത്ത ശേഷം, അപ്പൊസ്തലന്മാർ അവരെ ആക്കിവെച്ചു (നിയമിച്ചു) (6:6), ... ഒരുപക്ഷേ ഗലാത്യയിൽ മൂപ്പന്മാരെ തെരഞ്ഞെടുത്തപ്പോൾ ഇതുപോലെ സംഭവിച്ചു കാണാം.

ഗലാത്യയിൽ മൂപ്പന്മാരെ തെരഞ്ഞെടുത്തപ്പോൾ നടന്നതെല്ലാം കൃത്യമായി അറിഞ്ഞിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിച്ചിട്ടുണ്ട്. പക്ഷേ നമുക്ക് അതു ലഭിച്ചില്ല. 23-ാം വാക്യത്തിൽ ഉപയോഗിച്ച വാക്കുകൾ ഒരു നിമിഷത്തേക്ക് എനിക്കു പോരാട്ടമുണ്ടാക്കിയിട്ടുണ്ട്. "അപ്പോയിന്റഡ്"[32] എന്നതിന്റെ ഗ്രീക്കു തർജ്ജിമ "ഹാന്റ്" എന്നും സ്ട്രെച്ച് എന്നും യോജിച്ചതാണ്. "ഈ വാക്കിനർത്ഥം (1) കൈ നീട്ടുക, (2) കൈ കാണിച്ചു നിയമിക്കുക, അല്ലെങ്കിൽ (3) നീതി കണക്കാക്കാതെ തെരഞ്ഞെടുക്കുകയോ, നിയമിക്കുകയോ."[33] ആ വാക്ക് ഒന്നുകിൽ തെരഞ്ഞെടുക്കുന്നതിന് അല്ലെങ്കിൽ നിയമിക്കുന്നതിനെ സൂചിപ്പിക്കുന്നു. പിന്നീട് ആ പദപ്രയോഗത്തിൽ "അവർ" എന്നു കാണുന്നു. "അവർ അവർക്കു മൂപ്പന്മാരെ നിയമിച്ചാക്കിയപ്പോൾ"; സന്ദർഭത്തിൽ, ആ വാക്ക് പൗലൊസിനെയും ബർന്നബാസിനെയും സൂചിപ്പിക്കുന്നതെങ്കിലും മറ്റു സാദ്ധ്യതയുണ്ട് (വാക്ക് ഇടവകയെ മുഴുവനായോ, പുരുഷന്മാരെ മാത്രമായോ സൂചിപ്പിച്ചിരിക്കുന്നു). അവസാനം, "അവർക്ക്" എന്ന വാക്ക് ഉണ്ട് ("അവർ *അവർക്കു* മൂപ്പന്മാരെ നിയമിച്ചപ്പോൾ"). മൂലഭാഷയിൽ,

"അവർക്ക്" എന്ന വാക്ക് ഗ്രീക്കിൽ തർജ്ജിമ ചെയ്തത്. അതു പരോക്ഷമായ[34] വസ്തുവിനെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ പ്രൊപ്പൊസിഷൻ ഒന്നും വേദഭാഗത്തില്ല. NASB തർജ്ജിമക്കാർ "ഫോർ" എന്ന വാക്ക് തന്നിരിക്കുന്നു. മറ്റുള്ള പ്രൊപ്പൊസിഷനുകൾ തരാം.

മുകളിൽ പറഞ്ഞവ പരിഗണിച്ചുകൊണ്ട്, പദപ്രയോഗത്തിന്റെ അർത്ഥസാദ്ധ്യതകൾ ഇതാ "അവർ ... അവർക്കു മൂപ്പന്മാരെ നിയമിച്ചു": "അവർ" എന്നതു ഇടവകയാണെങ്കിൽ (അല്ലെങ്കിൽ അവരുടെ പ്രതിനിധികൾ), തെരഞ്ഞെടുപ്പു നടപടി ഒരുപക്ഷേ പ്രാഥമിക വിഷയമാകാം (അവർ "കൈകൾ നീട്ടി" എന്നതു തെരഞ്ഞെടുത്തവരെ ചൂണ്ടുന്നതിനായിരിക്കണം). "അവർ" എന്നതു പൗലൊസിനെയും ബർന്നബാസിനെയും ആണ് സൂചിപ്പിക്കുന്നതെങ്കിൽ "നിയമിച്ചു" എന്നതു തെരഞ്ഞെടുപ്പിനെ സൂചിപ്പിക്കുന്നു, "കൂടെ" എന്ന വാക്ക് നല്കുന്നതിനുള്ള നല്ലൊരു പ്രൊപ്പൊസിഷൻ ആകും: "അവർ അവരോടു കൂടെ മൂപ്പന്മാരെ നിയമിച്ചു. വില്ല്യമിന്റെ തർജ്ജിമയിൽ അവർ എല്ലാ സഭയിലും മൂപ്പന്മാരെ തെരഞ്ഞെടുക്കുവാൻ അവരെ സഹായിച്ചു[35]" (എംഫസിസ് മൈൻ). ഇടവകകളിലെല്ലാം പുതിയ ക്രിസ്ത്യാനികളാണെന്നു പരിഗണിച്ചാൽ, പൗലൊസും ബർന്നബാസും തെരഞ്ഞെടുപ്പു നടപടിയിൽ അംഗങ്ങളെ തീർച്ചയായും സഹായിച്ചിരിക്കും.[36]

എങ്ങനെയായാലും, മിക്ക തർജ്ജിമക്കാരും, കരുതുന്നത് 23-ാം വാക്യത്തിൽ മുഖ്യവിഷയം നടപടിക്രമമല്ല, നിയമനശുശ്രൂഷയാണ് എന്നത്രേ. പുരുഷന്മാരെ തെരഞ്ഞെടുക്കുന്നതിൽ ഈ തർജ്ജിമക്കാർ ശരിയാണെങ്കിൽ, പൗലോസും ബർന്നബാസും ഒരുപക്ഷേ പ്രവൃത്തികൾ 6 ലെ മാതൃക പിൻതുടർന്നിരിക്കാം, മൂപ്പന്മാർക്കു വേണ്ട യോഗ്യതകൾ നല്കി അംഗങ്ങളോട് തെരഞ്ഞെടുക്കാൻ പറഞ്ഞിരിക്കാം (അവർക്ക് ആവശ്യമുള്ള സഹായം കൊടുത്തു കാണും). എച്ച്. ലിയോ ബോൾസ് പറഞ്ഞതു ശരിയാകാം, "എങ്ങനെ മുപ്പന്മാരെ തെരഞ്ഞെ ടുക്കണം എന്നു പുതിയനിയമം പറയാത്തതുകൊണ്ട്, ഐക്യതയിലുള്ളതും, തത്വത്തെ ലംഘിക്കാത്തതുമായ ഏതു രീതിയും ഉപയോഗിക്കാം"[37] (ബൈബിൾ തത്വത്തെ ലംഘിക്കുന്ന ഒരു രീതി പ്രസിദ്ധി നോക്കി മൂപ്പന്മാരെ തെരഞ്ഞെടുക്കുന്നതാണ്[38]).

23-ാം വാക്യത്തിലെ വിഷയം നിയമന ശുശ്രൂഷയാണെന്ന ഊഹത്തോടെ, ഏഴാം ഭാഗത്തിലെ പ്രാരംഭ വാക്കുകളിലേക്കു നമുക്കു മടങ്ങാം: "പുരുഷന്മാർക്കു മൂപ്പന്മാരാകുവാനുള്ള യോഗ്യതകൾ ഉണ്ടാകുമ്പോൾ, അവരെ തെരഞ്ഞെടുത്ത് *ക്രമമായി നിയമിക്കണം.*" ആദ്യം, ഉപവാസവും പ്രാർത്ഥനയുമായ ഒരു വിശുദ്ധശുശ്രൂഷയാണ്.[39] മൂപ്പന്മാരെ നിയമിക്കുന്നതു പ്രത്യേക സന്ദർഭമായതുകൊണ്ട് ശ്രദ്ധ ആകർഷിക്കുന്നതാണ്. പിന്നെ "അവരെ അവർ വിശ്വസിച്ച കർത്താവിൽ ഭരമേല്പിച്ചു." ഈ വേദഭാഗത്ത് "അവരെ" എന്നു പറഞ്ഞിരിക്കുന്നത്; നിയമിച്ച മൂപ്പന്മാരെ ആണ്; അവരുടെ പുതിയ ഉത്തരവാദിത്വം നിറവേറ്റുവാൻ അവർക്കു കർത്താവിന്റെ സഹായം ആവശ്യമാണ്. "അവരെ" എന്നതു ഇടവകയെ മുഴുവനും ആകാം. ഗലാത്യയിലെ പുതിയ ക്രിസ്ത്യാനികളെ കുറിച്ചു മെക്ഗാർവേ എഴുതി, "'ചെന്നായ്ക്കളുടെ നടുവിൽ ആടുകളെപ്പോലെ

വിട്ടു,' എന്നാൽ അവരെ ആടുകളുടെ വലിയ ഇടയനായവനിൽ അത്രേ ഭരമേല്പിച്ചത്, അവരെ കൂട്ടത്തിൽ തന്നെ നിർത്തുവാൻ കീഴ് – ഇടയന്മാരെയും നല്കി."[40]

മിഷണറിമാർ ഗലാത്യയിലുള്ള ക്രിസ്ത്യാനികളെ വിട്ടു പിരിഞ്ഞപ്പോൾ അവർ സ്നേഹിച്ചവരെ, തങ്ങളെ സ്നേഹിച്ചവരെ[41] പിരിഞ്ഞതോർക്കുമ്പോൾ എന്റെ ജീവിതാനുഭവത്തിൽ ഉണ്ടായ കണ്ണുനീർ ഓർമ്മ വരുന്നു (എന്റെ ഭാര്യക്കു കണ്ണുനീർ കൂടാതെ "ദൈവം നിങ്ങളോടു കൂടെ ഇരിക്കട്ടെ" എന്ന് പാടുവാൻ കഴിഞ്ഞിരുന്നില്ല). എങ്ങനെയായാലും പൗലൊ സിനും ബർന്നബാസിനും, കരയാതിരിക്കാൻ പാടുപെടേണ്ടി വന്നിരിക്കും ആത്മിയ നേതൃത്വം ഇല്ലാതെ ഇടവകകളെ വിട്ടു പോവുകയല്ല അവർ ചെയ്യുന്നത് എന്നതിൽ അവർക്കു തൃപ്തിയുണ്ട്. എല്ലാ മിഷണറിമാരുടെയും ലക്ഷ്യം അവർ വിട്ടുപോകുന്ന ഇടവകയും സ്വയം – ഭരണമുള്ള, സ്വയം – പര്യാപ്തമായ, സ്വയം പ്രചരിപ്പിക്കുന്ന ഓരോ ഇടവകയായിരിക്കണം.

### അന്ത്യോക്ക്യയിൽ ദൈവം അവർക്കു ഉറപ്പ് കൊടുത്തു (14:24-28)

അവർ ചെയ്യുവാൻ വന്ന ജോലി തീർത്തശേഷം, പൗലൊസും ബർന്നബാസും വീടുകളിലേക്കു തിരിച്ചു.[42] "അവർ പിസിദ്ദ്യയിൽ[43] കൂടി കടന്നു പംഫുല്യയിൽ എത്തി" (വാക്യം 24), അവിടെ അവർ യോഹന്നാനെ വിട്ടേച്ചു പോയ സ്ഥലമായ പെർഗ്ഗയിൽ എത്തി (13:13). മുൻപ്, അവർ ആ പട്ടണത്തിൽ പ്രസംഗിച്ചില്ല (കാരണം ഒരുപക്ഷേ പൗലൊസ് രോഗിയായതാകാം[44]); എന്നാൽ ഈ സന്ദർശനസമയത്ത്, അവിടെയുള്ളവരോട് അവർ യേശുവിനെക്കുറിച്ചു പ്രസംഗിച്ചു.[45] പിന്നെ "അവർ പെർഗ്ഗയിൽ വചനം പ്രസംഗിച്ചശേഷം അത്തല്യക്കു പോയി" (14:25), അതു ആ പ്രദേശത്തെ മുഖ്യ തുറമുഖമായിരുന്നു. അവിടെ അവർക്കു പോകേണ്ട ഒരു കപ്പൽ കണ്ടു.

അവരുടെ മടക്കയാത്രയിൽ ഇതുവരെ, അവർ കൃത്യമായി ഓരോ പ്രദേശമായി സന്ദർശിച്ചു; അതുകൊണ്ട് അവർ അടുത്തതു കുപ്രൊസിലേക്കു പോകും എന്നു പ്രതീക്ഷിച്ചു പോകും, പകരം, "[അത്തല്യ] യിൽ നിന്നു അവർ കപ്പൽ കയറിയത് അന്ത്യോക്ക്യയിലേക്കാണ്" (വാക്യം 26). അവർ എന്തുകൊണ്ട് കുപ്രൊസിലേക്കു പോയില്ല എന്നു നമുക്ക് അറിഞ്ഞുകൂടാ. ഒരുപക്ഷേ അവർ അന്ത്യോക്ക്യയിലേക്കു നേരിട്ട് പോകുന്ന കപ്പൽ കണ്ടതുകൊണ്ട് കുപ്രൊസ് ദ്വീപിലേക്കുള്ള യാത്ര ഈ സമയം അത്യാവശ്യമല്ലെന്ന് തോന്നിയതുകൊണ്ടാകാം.[46] കാരണം എന്തായാലും, അവർ കപ്പൽ കയറി, അന്ത്യോക്ക്യയിലേക്കു പോയി. "തങ്ങൾ നിവർത്തിച്ച വേലക്കായി ദൈവകൃപയിൽ[47] അവരെ ഭരമേല്പിച്ച് അയച്ചതു അവിടെ നിന്നായിരുന്നുവല്ലൊ"[48] (വാക്യം 26).

അവർ പോയിട്ട് ഒരു വർഷത്തിലധികമായി, ഒരു പക്ഷേ കുറെ വർഷങ്ങൾ കഴിഞ്ഞു കാണും,[49] ഈ സമയത്തൊന്നും അന്ത്യോക്ക്യ സഭയിലേക്കു ഒരു വിവരവും എത്തി കാണുകയില്ല.[50] ക്രിസ്തീയ സമൂഹത്തിൽ വചനം പരന്ന വാർത്ത അവർക്ക് എത്ര ആവേശം പകർന്നിരിക്കും:

"ബർന്നബാസും പൗലൊസും[51] മടങ്ങി വന്നിരിക്കുന്നു!" മിഷണറിമാർ തങ്ങളുടെ വിശേഷങ്ങൾ വിവരിക്കുവാൻ ആവേശപ്പെട്ടു, ശിഷ്യന്മാർ അതു ശ്രദ്ധിക്കുവാൻ അതു ശ്രവിക്കുവാൻ ആവേശമുള്ളവരായി. അതു കൊണ്ട്, "അവർ അവിടെ എത്തിയ ശേഷം സഭയെ ഒരുമിച്ചു കൂട്ടി, ദൈവം തങ്ങളോടുകൂടെ ഇരുന്നു ചെയ്തതൊക്കെയും ജാതികൾക്കു വിശ്വാസത്തിന്റെ വാതിൽ തുറന്നു കൊടുത്തതും അറിയിച്ചു" (വാക്യം 27). ക്രിസ്തീയസഭായോഗത്തിൽ മിഷണറി വിവരങ്ങൾ അറിയിക്കുന്നത് വചനാനുസരണം തന്നെ; ദൈവത്തിനു മഹത്വം കൊടുക്കേണ്ടതും അത്യാവശ്യമാണ്.

മെക്ഗാർവേ പറഞ്ഞു, "കഠിനാദ്ധ്വാന വയലിൽ നിന്നു നല്ല വിശേഷങ്ങളുമായി ഒരാൾ മടങ്ങിവരുമ്പോൾ, തന്റെ കഥ വിവരിക്കുമ്പോൾ ഉള്ളിലുള്ള ഭാരങ്ങൾ നീങ്ങുകയാണ്."[52] ആ പ്രസ്താവന എത്രത്തോളം വാസ്തവമാണെന്ന് എനിക്കറിയാം – എന്റെ കഥ പറയുവാൻ അവസരം തരുന്ന ഇടവകകളോട് ഞാൻ എത്ര നന്ദിയുള്ളവനായിരിക്കുന്നു, അവർക്ക് എന്റെ പ്രവർത്തനങ്ങളിൽ വിശ്വാസമുണ്ടെന്ന് അതു തെളിയിക്കുന്നു. മിഷൻ വിവരങ്ങളെ അവഗണിക്കുന്ന ഇടവക അതിന്റെ ദൗത്യം മനസിലാക്കുന്നില്ല എന്നതാണ് വാസ്തവം.

അവരുടെ വിവരണത്തിൽ, പൗലൊസും, ബർന്നബാസും അന്ത്യോക്ക്യയിലെ ക്രിസ്ത്യാനികളോടു പറഞ്ഞു, "ജാതികൾക്ക് എങ്ങനെ [ദൈവം] വിശ്വാസത്തിന്റെ വാതിൽ തുറന്നു കൊടുത്തു എന്നും പറഞ്ഞു" (വാക്യം 27). "തുറന്ന വാതിൽ" എന്ന ആശയം പുതിയ നിയമത്തിൽ അടിക്കടി ഉപയോഗിച്ചിട്ടുണ്ട്.[53] അതിന്റെ അടിസ്ഥാന അർത്ഥം "അവസരം" എന്നാണ്: പൗലൊസിനെയും ബർന്നബാസിനെയും ദൈവം പ്രസംഗിക്കുവാൻ അവിടേക്കു അയച്ചതു കൊണ്ട് വിശ്വസിച്ചു രക്ഷ പ്രാപിക്കുവാൻ അവർക്ക് അവസരം ലഭിച്ചു.[54] ആ പദപ്രയോഗം പലപ്പോഴും *വലിയ* അവസരത്തെയാണ് സൂചിപ്പിക്കുന്നത്. ഒന്നാമത്തെ യാത്രയുടെ ഫലമായി *അനേകം* ജാതികൾ ക്രിസ്ത്യാനികളായിത്തീർന്നു. അന്ത്യോക്ക്യയിലെ സഭയിൽ വലിയ സന്തോഷം ഉണ്ടായി എന്നതിൽ സംശയമേ ഇല്ല.

"വാതിൽ തുറക്കുന്ന" ആശയം, പ്രയാസം കൂടാതെ പ്രവേശിക്കാനുള്ള അവസരമാണ് അർത്ഥമാക്കുന്നത് (1 കൊരിന്ത്യർ 16:9). അവർക്കു വാതിൽ തുറക്കേണ്ടതിനു, പൗലൊസും ബർന്നബാസും കഷ്ടപ്പെടേണ്ടി വന്നു. അവസരങ്ങൾ നോക്കിയാൽ കഠിനാദ്ധ്വാനവും വേദനയും ഉള്ളതെന്നു മനസ്സിലാക്കി ദൈവം – നല്കിയ വാതിൽ തുറക്കുന്ന അനവധി അവസരങ്ങൾ നഷ്ടപ്പെടുത്തുന്നവരാണ് നമ്മിൽ ചിലർ!

പൗലൊസ് ആദ്യത്തെ മിഷണറി യാത്ര പൂർത്തിയാക്കിയപ്പോൾ, അവനും ബർന്നബാസും ചേർന്നു ആയിരത്തി മുന്നൂറു മൈലുകൾ പിന്നിട്ടു! അഞ്ഞൂറു മൈൽ അന്നത്തെ അവിശ്വസനീയമായ കപ്പലിൽ വെള്ളത്തിന്മേൽ യാത്ര ചെയ്തു, വൃത്തികെട്ടതും പരുപരുത്തതുമായ കരയിലെ പാതയിലൂടെയാണ് എണ്ണൂറുമൈൽ യാത്ര ചെയ്തതു (15:26 ശ്രദ്ധിക്കുക). അതു ചരിത്രം കുറിക്കുന്ന യാത്രയായിരുന്നു. ഇപ്പോൾ അവരുടെ ആത്മിയ ബാറ്ററി വീണ്ടും ചാർജ് ചെയ്യണം. കഥ അവസാനി

പ്പിക്കുന്നു: "അവൻ ശിഷ്യന്മാരുടെ കൂടെ കുറെക്കാലം അവിടെ പാർത്തു" (വാക്യം 28).[55] ആ വാക്കുകൾ അർത്ഥമാക്കുന്നത് പൗലൊസും ബർന്നബാസും അവിടെ സ്ഥിരതാമസമാക്കി എന്നല്ല, സമയം വരുമ്പോൾ അവർ കോപ്പു കൂട്ടി ദൂരസ്ഥലങ്ങളിലേക്കു വീണ്ടും പോകുന്നതാണ്.

**ഉപസംഹാരം**

ഇപ്പോൾ പഠിച്ചതായ തിരുവെഴുത്തു ഭാഗങ്ങളിൽ പഠിക്കുവാനുള്ള ധാരാളം പാഠങ്ങൾ നമുക്കു നല്കിയിട്ടുണ്ട്. പ്രാഥമികമായി, നാം കൈവരിക്കുന്ന നേട്ടത്തിനെല്ലാം എല്ലായ്പ്പോഴും ദൈവത്തിനു മഹത്വം കൊടുക്കണം എന്നതിനു ഞാൻ പ്രാധാന്യവും ഊന്നലും കൊടുത്തിട്ടുണ്ട് – പൗലൊസും ബർന്നബാസും അവരുടെ ദൗത്യവിവരണങ്ങൾ അന്ത്യോക്ക്യ സഭയിൽ കൊടുത്തപ്പോൾ അവർ അതാണ് ചെയ്തത്. എങ്ങനെയായാലും, മറ്റു പാഠങ്ങളും വേദഭാഗത്തുണ്ട്, നഷ്ടപ്പെട്ടവർക്കുള്ള വിലയേറിയ പാഠവും അടങ്ങുന്നു: നിങ്ങൾ ജാതിയിൽ പെട്ട ആളാണെങ്കിൽ (ഒരു പക്ഷേ ആയിരിക്കും), ദൈവം ജാതികൾക്ക് വിശ്വാസത്തിന്റെ വാതിൽ തുറന്നു തന്നതു വളരെ വിസ്മയമായി തോന്നും – ആ വാതിൽ ഇപ്പോഴും തുറന്നു തന്നെ ഇരിക്കുന്നു! നിങ്ങളുടെ കർത്താവിനെ വിശ്വസിക്കയും അനുസരിക്കുകയും ചെയ്തു ഇപ്പോഴും അതിൽ കൂടെ പ്രവേശിക്കാം!

ആ വേദഭാഗത്തുള്ള മറ്റൊരു സന്ദേശം ഇതാണ്: ഒരാൾ ക്രിസ്ത്യാനിയായി തീരുന്നതിനു മുൻപ്, അയാൾ അതിനുള്ള "വില കണക്കാക്കണം" (ലൂക്കൊസ് 14:28). ഗലാത്യയിലെ ശിഷ്യന്മാരോട് പറഞ്ഞതു ഓർക്കുക: "അനേക കഷ്ടങ്ങളിൽ കൂടെ നാം ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു" (വാക്യം 22). എളുപ്പമുള്ള ജീവിതം അല്ല കർത്താവു വാഗ്ദാനം ചെയ്തത്. അവൻ, എങ്ങനെയായാലും, അവൻ നമ്മോടു കൂടെ ഉണ്ടാകും എന്നു വാഗ്ദാനം ചെയ്തിട്ടുണ്ട് – അവനോടു കൂടെ സ്വർഗ്ഗത്തിൽ കഴിയുന്നതിനു നാം എന്തു ത്യാഗം സഹിച്ചാലും അതു വിലയുള്ളതാണ്![56]

---

**പ്രസംഗക്കുറിപ്പുകൾ**

---

ഈ പാഠത്തിനു കൊടുക്കാവുന്ന മറ്റൊരു തലവാചകം "ആദ്യ മിഷണറി വിവരണം" എന്നാണ്. ഒരു കൂട്ടം മിഷണറിമാർക്കോ, പരിശീലനത്തിലിരിക്കുന്ന മിഷണറിമാർക്കോ ഞാൻ ഈ പാഠം അവതരിപ്പിക്കുകയാണെങ്കിൽ അതിനുകൊടുക്കുന്ന തലവാചകം "ദി ജോബ് ഈസ് നോട്ട് ഡൺ അൺടിൽ" എന്നതും അതിൽ നാലു മുഖ്യചിന്തകളും ഉൾപ്പെടുത്തും: (1) സ്നാനപ്പെടുത്തിയവരെ തുടർന്നു പഠിപ്പിക്കുന്നതുവരെ, (2) ഇടവകയിൽ മൂപ്പന്മാരെ വളർത്തുന്നതുവരെ, (3) നിങ്ങളെ സഹായിക്കുന്ന ഇടവക (കളെ) വിവരങ്ങൾ ധരിപ്പിക്കുന്നതുവരെ, (4) ദൈവത്തിനു തന്നെ മഹത്വം കൊടുക്കുന്നതുവരെ ജോലി പൂർത്തിയായിട്ടില്ല എന്നർത്ഥം.

ഈ പാഠം ഒരു സ്പ്രിങ്ങ് ബോർഡുപയോഗിച്ചു *ദൈവം* കഴിഞ്ഞ

വർഷം ചെയ്ത കാര്യങ്ങൾ നിങ്ങൾ പ്രവർത്തിക്കുന്ന ഇടവകയിൽ അവതരിപ്പിക്കാം.

---

കുറിപ്പുകൾ

[1]"പാർട്ടിസിപ്പേഷൻ" എന്നവാക്ക് കൊയ്നോയിയ എന്ന വാക്കിൽ നിന്നും തർജ്ജിമചെയ്തതാണ്, "ടു ഹാവ് കമ്മ്യൂണിയൻ" (KJV യിൽ "ഫെലോഷിപ്പ്" എന്നാണ്). തന്റെ ജോലിയിൽ ഫിലിപ്പിയയിലെ ക്രിസ്ത്യാനികൾ *പങ്കിട്ടിരുന്നു* എന്നാണ് പൗലൊസ് പറഞ്ഞത്. [2]ഇതൊരു വ്യക്തിപരമായ സൂചന ആകയാൽ, ഈ ആശയം നിങ്ങൾക്ക് എടുക്കാം, ഉദാഹരണമായി: മിഷണറിമാർ തങ്ങളെ അയച്ച ഇടവകകളിൽ മടങ്ങിച്ചെല്ലുവാൻ,അവരുടെ കാര്യങ്ങൾ വിവരിക്കുക എന്നതു ഒരു ആചാരമായിരുന്നു. അതു വചന പ്രകാരമുള്ള ആശയമാണ്. ഈ പാഠത്തിന്റെ അവസാനം പൗലൊസും ബർന്നബാസും മടങ്ങിച്ചെന്ന് അന്ത്യോക്ക്യയിൽ വിവരങ്ങൾ ധരിപ്പിക്കുന്നതു കാണാം. തന്റെ മാതൃക ഇടവകയിൽ ചെന്ന് പ്രവർത്തന വിവരങ്ങൾ പറയുമ്പോൾ, അദ്ദേഹം സാധാരണ രണ്ടു വാക്യങ്ങളോടെയാണ് ആരംഭിക്കുന്നത്. ഒന്ന് ഫിലിപ്പിയർ 4:15, 16 ... ." [3]പ്രവൃത്തികൾ 15:4, 12 നോക്കുക. [4]പൗലൊസ് മരിച്ചു എന്നു വിചാരിച്ച്, അവർ ലുസ്ത്ര വിട്ടുപോയി എന്ന് പറയപ്പെടുന്നുണ്ട്. അതിന്റെ ഫലമായി, അവൻ പുനർജീവൻ പ്രാപിക്കയും തുടർന്നു പ്രസംഗിക്കയും ചെയ്തത് അവർ അറിഞ്ഞിരുന്നില്ല. [5]അവിടെ എതിർപ്പുണ്ടായിരുന്നതായി ലൂക്കൊസ് പറഞ്ഞിട്ടില്ല എന്നതിനു പുറമേ ഗലാത്യയിലെ ഉപദ്രവങ്ങൾ ഉണ്ടായ മറ്റു സ്ഥലങ്ങളെ പൗലൊസ് പേരെടുത്തു പറയുമ്പോൾ, ദെർബ്ബെ ഉൾപ്പെടുത്തിയിട്ടില്ല (2 തിമൊഥെയൊസ് 3:11). [6]പൗലൊസ് വീണ്ടും ദർബ്ബെ സന്ദർശിച്ചു (16:1). [7]KJV യിൽ "ടീച്ച്" എന്നാണ്. എന്നാൽ സാധാരണ ഗ്രീക്കിൽ "ടീച്ച്" എന്നുള്ള വാക്കല്ല ഉപയോഗിച്ചിരിക്കുന്നത്. "ശിഷ്യൻ" എന്ന വാക്കിന്റെ ക്രിയാരൂപം ഉപയോഗിച്ചതുകൊണ്ട്, "ശിഷ്യരാക്കിക്കൊൾവിൻ" എന്നതാണ് നല്ലതർജ്ജിമ തീർച്ചയായും പഠിപ്പിക്കാതെ നമുക്ക് "ശിഷ്യരാക്കുവാൻ സാദ്ധ്യമല്ല [പഠിക്കുന്നവർ]." അതുകൊണ്ട് പഠിപ്പിക്കുക എന്ന ആശയം വേദഭാഗത്തുണ്ട്. [8]ലളിതമായി, ഒരു പാർട്ടിസിപ്പിൾ അഡ്ജക്റ്റിവായി ഉപയോഗിച്ച ക്രിയാ രൂപമാണ് ഇംഗ്ലീഷിൽ പാർട്ടിസിപ്പിൾ എല്ലായിപ്പോഴും "ing"-ൽ ആണ് അവസാനിക്കുന്നത്. [9]മൂലഗ്രന്ഥത്തിൽ "അതുകൊണ്ട് പോയി ..." എന്നാണ്. "നിങ്ങൾ പോകുമ്പോൾ ..." എന്നാണ് നല്ല തർജ്ജിമ എന്നു പറയപ്പെടുന്നു. [10]ഈ പട്ടണങ്ങളിൽ അവർ നേരിട്ടതായ പ്രശ്നങ്ങൾ, നമുക്കറിയാവുന്നേടത്തോളം പൗലൊസിനും ബർന്നബാസിനും വീണ്ടും ഉണ്ടായതായി അറിവില്ല. എന്തുകൊണ്ടാണങ്ങനെ എന്നതിനു പല ഊഹങ്ങളും നടത്താം: - ജനക്കൂട്ടത്തിന്റെ രോഷം ശമിച്ചു; പട്ടണാധികാരികൾ മാറി (ഒരു വർഷമായിരുന്നു അവരുടെ ഭരണ കാലാവധി) ഈ സമയത്ത് പൗലൊസും ബർന്നബാസും പരസ്യമായി പ്രസംഗിച്ചില്ല; അവർ ശിഷ്യന്മാരുമായി രഹസ്യത്തിൽ സമയം ചെലവിട്ടു, തുടങ്ങിയവ. നമുക്ക് ഒന്ന് തീർച്ചയാക്കാം. ദൈവം ഇടപെട്ട് ശിഷ്യന്മാർ ശക്തരാകുന്നതിൽ ... നിന്നും" ഒരു ശക്തിക്കും പിന്തിരിക്കാൻ അനുവദിച്ചില്ല.

[11]"ഉറപ്പിച്ച്" എന്ന ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്തത് KJV യിൽ പറയുന്ന ചില സങ്കല്പമായ "റെറ്റ് ഓഫ് കൺഫർമേഷൻ" ഉം ആയി ഒരു ബന്ധവുമില്ല. അതിൽ നിന്നാണ് "ഏഴു വിശുദ്ധ കൂദാശകൾ." NASB സൂചിപ്പിക്കുന്നതു പോലെ ഗ്രീക്ക് വാക്ക് "ശക്തിപ്പെടുത്തി" എന്നു മാത്രമാണ് - ഈ കാര്യത്തിൽ, പൗലൊസിന്റെയും ബർന്നബാസിന്റെയും പ്രബോധനത്തിൽ അതു തെളിയും. [12]"വിശ്വാസം" എന്ന വാക്കിൽ ഡെഫനിറ്റ് ആർട്ടിക്കിൾ ("ദി") മുൻപിൽ ഉണ്ട്, ഇതു സാധാരണ ക്രിസ്തുവിൽ വിശ്വസിക്കേണ്ടതിനു നല്കിയിട്ടുള്ള ഒരു കൂട്ടം കല്പനകളെയാണ് ഉദ്ധേശിക്കുന്നത് (അതായത്, പുതിയ നിയമം.) [13]പുതിയ ക്രിസ്ത്യാനികളോടൊപ്പം പൗലൊസും ബർന്നബാസും

തങ്ങളെയും ഉൾപ്പെടുത്തി. [14]ഈ ആളുകൾ രാജ്യത്തിലെ, സഭയിലെ പൗരന്മാരായി കഴിഞ്ഞിരുന്നു (കൊലൊസ്യർ 1:12, 13); അതുകൊണ്ട്, ഈ സന്ദർഭത്തിൽ, "രാജ്യം" എന്നതു, സ്വർഗ്ഗത്തെയാണ് സൂചിപ്പിക്കുന്നത്. പ്രവൃത്തികൾ 1-ാം ലക്കത്തിലെ ശബ്ദസംഗ്രഹത്തിൽ "രാജ്യം" നോക്കുക. [15]14:23-ൽ "സഭ" ഉപയോഗിച്ചത് "ഇടവക" എന്ന അർത്ഥത്തിലാണ് പ്രവൃത്തികൾ 1-ാം ലക്കത്തിലെ ശബ്ദസംഗ്രഹത്തിൽ "സഭ" എന്ന വാക്ക് നോക്കുക. [16]പ്രവൃത്തികൾ 1-ാം ലക്കത്തിലെ "ഞാൻ അംഗമാകാൻ ഇഷ്ടപ്പെടുന്ന സഭ" എന്നതിലെ 2:42, 46 എന്നിവയുടെ നോട്ടുകൾ നോക്കുക. [17]പ്രവൃത്തികൾ 2-ാം ലക്കത്തിലെ 9:26 ന്റെ നോട്ടുകൾ ശ്രദ്ധിക്കുക. [18]"വചനവിരുദ്ധമായി സംഘടിപ്പിക്കുന്നതിനേക്കാൾ നല്ലതു വചനപ്രകാരം സംഘടിപ്പിക്കാതിരിക്കുകയാണ്" എന്നൊരു പഴഞ്ചൊല്ല് ഉണ്ട്. അദ്ധ്യക്ഷന്മാരെ തിരഞ്ഞെടുക്കാതിരിക്കാൻ അതൊരു ഒഴികഴിവാക്കാതിരിക്കുക. [19]മറ്റൊരു വിധത്തിൽ പറഞ്ഞാൽ "മിഷണറി തന്നെത്തന്നെ ജോലിയിൽ നിന്നു പുറത്തു വരണം." [20]ആ വേദഭാഗത്തിനു മുൻപ്, നാം യെഹൂദമതത്തിൽ "മൂപ്പന്മാർ" എന്നു മാത്രമേ വായിക്കുന്നുള്ളു. പ്രവൃത്തികൾ 1-ാം ലക്കത്തിലെ "സാത്താൻ നിങ്ങൾക്കു പ്രയാസം വരുത്തുമ്പോൾ" എന്ന പാഠത്തിലെ 4:5 ലെ നോട്ടുകൾ നോക്കുക.

[21]പ്രെസ്ബിറ്റർ എന്നതിന്റെ അഡ്ജക്റ്റിവാണ് തിത്തൊസ് 2:2, 3-ൽ ഉപയോഗിച്ചിരിക്കുന്നത്. NASB യിൽ തർജ്ജിമ ചെയ്തിരിക്കുന്ന വാക്ക് "പ്രായമുള്ള" എന്നാണ്. KJV യിൽ "ഏജ്ഡ്" എന്നാണ്. [22]ഉപദേഷ്ടാവ്, ഈ സാഹചര്യത്തിൽ ഒരു "പാസ്റ്റർ" അല്ല. [23]"സഭ തോറും മൂപ്പന്മാർ ..." എന്ന ഇതേ പ്രയോഗം, തിത്തൊസ് 1:5-ൽ കാണാം. [24]ഏക - മനുഷ്യനായ പാസ്റ്റർ ഏർപ്പാട് നാമധേയവിഭാഗങ്ങളിൽ ഉള്ളത് - ബൈബിളിൽ ഇല്ലാത്തതാണ്. [25]ഈ എച്ച്. ട്രെൻചാർഡ് *എ ന്യൂ ടെസ്റ്റമെന്റ് കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോജർമാൻ പബ്ലിഷിങ്ങ് ഹൗസ്, 1969), 317. [26]സഭയിൽ നേതൃത്വനിരയിൽ പ്രവർത്തിക്കുന്ന ഏതൊരാൾക്കും ഏതൊരു മിഷണറിക്കും ഉള്ള ഉന്നതമായ പരിശീലനമാണിത്. [27]അവർ ആദ്യം ശുശ്രൂഷകന്മാരായി സേവനം നടത്തിയിരുന്നില്ല. ചിലർ വിചാരിക്കുന്നതു ശുശ്രൂഷകന്മാരായാൽ അതു മൂപ്പന്മാരാകുവാനുള്ള പരിശീലനമാകും എന്നാണ്, അത് തെറ്റാണ്. ശുശ്രൂഷകന്മാരും ശുശ്രൂഷകന്മാരും രണ്ടു വ്യത്യസ്ത ജോലികൾ ചെയ്യുന്നവരാണ്. ചില ആളുകൾ വലിയ ശുശ്രൂഷകന്മാരായി തീർന്നവർ ഒരിക്കലും വലിയ മൂപ്പന്മാരായി തീർന്നിട്ടില്ല. [28]ഈ പ്രസ്താവന ഞാൻ പല ഭാഗത്തു നിന്നും കേട്ടിട്ടുണ്ട്. ആരംഭം എവിടെ നിന്നാണെന്ന് അറിയില്ല. [29]അതു "തികവുള്ളതു" എന്തെന്നാൽ "ഏകഭാര്യയുടെ ഭർത്താവ്" എന്നാണ്. [30]"അതിഥിപ്രിയൻ" എന്നുള്ളതു എത്രത്തോളം "അതിഥിപ്രിയർ" ആണ്?

[31]"സെറ്റ് ഇൻ പ്ലെയിസ്" എന്ന പദപ്രയോഗം 7-ാം ഭാഗത്ത് ഉപയോഗിക്കാനാണ് എനിക്കാഗ്രഹം. കാരണം തിത്തൊസ് 1:5-ൽ ഉപയോഗിച്ച "അപ്പോയിന്റ് എന്ന വാക്കിന്റെ അക്ഷരിക അർത്ഥം "ടു സെറ്റ് ഇൻ പ്ലെയിസ്" എന്നാണ്. പ്രവൃത്തികൾ 14:23-ൽ ഉപയോഗിച്ച വാക്കിൽ നിന്നു വ്യത്യസ്തമാണത് എന്നാൽ അതു സ്പഷ്ടമാക്കുന്നതു അതേ നടപടിയാണ്. [32]KJV യിൽ "ഓർഡെയിൻഡ്," എന്ന വാക്കാണ്. അത് പിതാക്കന്മാരുടെ ശൈലിയാണ് അതു മൂലഗ്രീക്കിൽ ഇല്ല. ഇന്നു "അപ്പോയിന്റഡ്" എന്നതു നല്ല തർജ്ജിമയാണ്. [33]ലൂയിസ് ഫോസ്റ്റർ, നോട്ട്സ്, ഓൺ ആക്ട്സ്, ദി NIV സ്റ്റഡി ബൈബിൾ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: സോണ്ടർവാൻ പബ്ലിഷിംഗ് ഹൗസ്, 1985), 1673. കൂടാതെ ജെ.ഡബ്ലിയു മെക്ഗാർവേ, ന്യൂ കമന്ററി ഓൺ ആക്റ്റ്സ് ഓഫ് അപ്പൊസ്തൽസ്, വാല്യം 2 (ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിംഗ് കമ്പനി, n.d.) 49. [34]ദിഡെറ്റിവ് കെയിസ് സാധാരണ "ഇൻഡയറക്ട് ഒബ്ജെക്ട്" ആണ്, അർത്ഥം അതു ഒരു പ്രിപ്പൊസിഷനു മുൻപു വരണം. [35]ചാൾസ് ബി.വില്ല്യംസ്, ദി ന്യൂ ടെസ്റ്റമെന്റ്: ജനങ്ങളുടെ ഭാഷയിലെ ഒരു തർജ്ജിമയാണ്. [36]മിക്ക ഇടവകകളിലും ചില പുരുഷന്മാർ മറ്റുള്ളവരേക്കാൾ അറിവും പക്വതയും ഉള്ളവരാണ്. അവർ തങ്ങളുടെ "സ്വന്തം പുരുഷന്മാരെ" നോക്കി എടുക്കാത്തേടത്തോളം അവരെ മൂപ്പന്മാരെ തെരഞ്ഞെടുക്കുവാൻ ഉപയോഗി

ക്കുന്നതിൽ തെറ്റില്ല. മൂപ്പന്മാർ ഉള്ള ഇടവകകളിൽ കൂടുതൽ മൂപ്പന്മാരെ തെരഞ്ഞെടുക്കുന്നതിൽ ആദ്യത്തെ മൂപ്പന്മാർ തെരഞ്ഞെടുപ്പിൽ സഹായിക്കാറുണ്ട്. [37]എച്ച്. ലിയോ ബോൾസ്, എ കമെന്റെറി ഓൺ ആക്ട്സ് ഓഫ് ദി അപ്പൊസ്തൽസ് (Nashville: Gospel Advocate Co; 1941), 229. [38]മൂലവാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് "അപ്പോയിന്റസ്" എന്നാണെങ്കിലും അക്ഷരിക അർത്ഥം "കൈ നീട്ടുക" എന്നാണ്, ഇത് "കൈ ഉയർത്തി വോട്ട് ചെയ്യു ന്നതായി സ്വീകരിക്കരുത്." ചോദ്യം ഇടവകയിൽ ഏറ്റവും - ഇഷ്ടപ്പെട്ട പുരുഷന്മാരാണോ എന്നതല്ല, ആ പുരുഷന്മാർ വചന യോഗ്യതകൾ ഉള്ളവരാണോ എന്നതാണ്. [39] ഈ ലക്കത്തിൽ ഉള്ള "ഉപവാസവും ക്രിസ്ത്യാനിയും" എന്ന അനുബന്ധ പാഠത്തിലെ 13:3 ലെ നോട്ടുകൾ നോക്കുക. [40]മെക്ഗാർവേ, 49.

[41]പിന്നീട് ഉള്ള ഒരു കണ്ണുനീരോടു കൂടെയുള്ള യാത്രയാണ് 20:36–21:1 നോക്കുക. [42]പൗലൊസും ശീലാസും ഇടവകകളെ വീണ്ടും സന്ദർശിക്കുന്നുണ്ട് (15:40–16:6). [43]ഗലാത്യയിലെ രണ്ടു ഇടവകകൾ (അന്ത്യോക്ക്യയിലും ഇക്കോന്യയും) പിസിദ്ദ്യയിലായിരുന്നു. [44] ഈ പുസ്തകത്തിലെ "മിഷണറി പ്രവർത്തിനത്തിലെ കയ്പുള്ള മധുരം" എന്ന പാഠത്തിലെ 13:13, 14ലെ നോട്ടുകൾ നോക്കുക. [45]ആരെങ്കിലും പെർഗ്ഗയിൽ പ്രതികരിച്ചിട്ടുണ്ടെങ്കിൽ ലൂക്കൊസ് അവരെ പരാമർശിച്ചിട്ടില്ല. പൗലൊസ് അവിടേക്കു മടങ്ങിപ്പോയതായും നമുക്കു സൂചനയില്ല. ചില വ്യാഖ്യാതാക്കൾ വിചാരിക്കുന്നത്, പൗലൊസും ബർന്നബാസും കപ്പലിനെ കണ്ടു കിട്ടുണവരെ നല്ലൊരു സമയം അവിടെ സുവിശേഷം അറിയിച്ചു എന്നാണ്. മറ്റു പ്രത്യേക കാരണം കൊണ്ടല്ല, ആളുകൾ സുവിശേഷം സ്വീകരിച്ചതുകൊണ്ടാണ്. അങ്ങനെ ആണെങ്കിൽ, അവിടെ അവർക്കു ആഗ്രഹിച്ചതു പോലെ കിട്ടാതെ, അവർ അത്താലുക്കു അവിടെനിന്ന് പോയിരിക്കാം (അവിടേക്കാണ് പോയത്). [46]അവരുടെ ഒന്നാമത്തെ രാത്രിയിൽ മറ്റു സ്ഥലങ്ങളിൽ ചെയ്ത പ്രവൃത്തികളേക്കാൾ കൂടുതൽ ഇതിനു മുൻപ് കുപ്രൊസിൽ ചെയ്തിരുന്നു (11:19). ബർന്നബാസും യോഹന്നാനും പിന്നീട് അവിടെ മടങ്ങിച്ചെന്നു പിൻതുടർച്ചാ പ്രവർത്തനങ്ങൾ നടത്തി (15:39). [47]ആ രണ്ടു പുരുഷന്മാർ ഗലാത്യയിലെ ക്രിസ്ത്യാനികളെ "അവർ വിശ്വസിച്ച കർത്താവിൽ" ഭാരമേല്പ്പിച്ചതുപോലെ അന്ത്യോക്ക്യാ സഭ പൗലൊസിനെയുംബർന്നബാസിനേയും "ദൈവകൃപയിൽ" ഭാരമേല്പ്പിച്ചു (14:23). രണ്ടു അനുഗ്രഹങ്ങളും ഗുണഭോക്താക്കൾക്കു കർത്താവിൽ നിന്നു ലഭിക്കേണ്ടതിനായിരുന്നു. [48]"അവർ ചെയ്ത പ്രവൃത്തികളെല്ലാം" എന്ന പദപ്രയോഗം പൗലൊസും ബർന്നബാസും പോയ കാര്യം നിവർത്തിച്ചു എന്നു സൂചിപ്പിക്കുന്നു. [49]ആദ്യയാത്ര എത്ര കാലം എടുത്തു എന്നു കൃത്യമായി പറയാൻ സാദ്ധ്യമല്ല. കാലനിർണ്ണയ പ്രശ്നം, "വളരെക്കാലം" പൗലൊസും ബർന്നബാസും മടങ്ങിവന്നു അന്ത്യോക്ക്യയിൽ ചെലവിട്ടതു എത്ര എന്നു നമുക്കു അറിഞ്ഞുകൂടാ (14:28). അതൊരു വർഷമാണെങ്കിൽ, യാത്രക്ക് രണ്ടോ, മൂന്നോ, വർഷം എടുത്തേക്കാം. അതു രണ്ടു വർഷത്തോടടുപ്പിച്ചാണെങ്കിൽ, ഒന്ന് ഒന്നര വർഷത്തിൽ താഴെ മാത്രമേ യാത്ര ചെയ്തിരുന്നുള്ളു. [50]യോഹന്നാൻ മടങ്ങി വന്നു കുപ്രൊസിൽ വിവരങ്ങൾ ധരിപ്പിച്ചിരിക്കാൻ സാദ്ധ്യതയുണ്ട്.

[51]മിഷണറിമാരെ "ഗുഡ്ബൈ" പറഞ്ഞയച്ചപ്പോൾ, അന്ത്യോക്ക്യ സഭ ആദ്യം പറഞ്ഞ പേർ ബർന്നബാസ് ആകകൊണ്ട് ഞാൻ ബർന്നബാസിനെ ആദ്യം പറയാനിടയായത്. [52]മെക്ഗാർവേ, 52. [53]1 കൊരിന്ത്യർ 16:9; 2 കൊരിന്ത്യർ 2:12; കൊലൊസ്യർ 4:3; വെളിപ്പാട് 3:8. [54]"ജാതികൾക്കു വിശ്വാസത്തിന്റെ വാതിൽ തുറന്നു കൊടുത്തു" എന്ന പ്രയോഗം പാപിയുടെ ഹൃദയത്തിലേക്കു നേരിട്ടു പരിശുദ്ധാത്മാവു "പ്രവർത്തിക്കുന്നതുമായി" ഇതിനു ബന്ധമൊന്നും ഇല്ല. [55]പലരും വിശ്വസിക്കുന്നതുപോലെ, ഗലാത്യലേഖനം നേരത്തെ എഴുതി എങ്കിൽ അതു പ്രവൃത്തികൾ 14:28 ലെ "വളരെക്കാല" സമയത്തായിരിക്കും എഴുതിയിരിക്കുക, യെരുശലേം സമ്മേളനത്തിനു മുൻപോ അതിനു ശേഷമോ ആകാം (പ്രവൃത്തികൾ 15). അടുത്ത പാഠത്തിലെ "വാതിൽ-അടക്കുന്നവർ" എന്നതിലെ കൂടുതൽ നോട്ടുകൾ നോക്കുക. [56]ബൈബിൾ പഠിപ്പിക്കുന്നതു ദൈവം തരുന്ന അവസരങ്ങളെ നാം തഴഞ്ഞു കളഞ്ഞാൽ, അവൻ ആ അവസരങ്ങൾ പലപ്പോഴും എടുത്തു കളയും.